**April : 13**

# KGBEU OU ബുള്ളറ്റിൻ 51/2023

സഖാക്കളെ,

## വിഷയം: New recruitment as per Mitra committee recommendation

മിത്രാ കമ്മിറ്റി പ്രകാരമുള്ള വേക്കൻസികളിലേക്ക് നിയമനം നടത്തണം എന്നത് ദീർഘകാലമായി ഉയർത്തുന്ന ആവശ്യമാണ്. ജോയിന്റ് ഫോറം ആഭിമുഖ്യത്തിൽ അതിനായി വലിയ പ്രക്ഷോഭവും നടന്നിരുന്നു. BMS ഉൾപ്പെടെയുള്ള ചില സംഘടനകൾ ഈ പ്രക്ഷോഭത്തിൽ നിന്ന് പാതിവഴിക്ക് പിന്മാറിയെങ്കിലും അതിൽ അനുകൂല തീരുമാനം രേഖാമൂലം ഉണ്ടാക്കിയാണ് പ്രക്ഷോഭം അവസാനിപ്പിച്ചത്. പുതിയ റിക്രൂട്ട്മെന്റിന്റെ ഭാഗമായി മിത്രാ കമ്മിറ്റി പ്രകാരമുള്ള വേക്കൻസി അനലൈസ് ചെയ്ത് സംഘടന ഒരു വേക്കൻസി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ ശാഖകളിലെയും ബിസിനസ്, ബിസിനസ്സിന് അനുസരിച്ചു ഓരോ കേഡറിലും ആവശ്യമായ ജീവനക്കാർ, റീജിയണൽ ഓഫീസ്, ഹെഡ് ഓഫീസ്, ഇൻസ്പെക്ഷൻ തുടങ്ങിയിടങ്ങളിൽ ആവശ്യമായ ജീവനക്കാർ, ഈ വർഷം റിട്ടയർ ആകുന്ന ജീവനക്കാർ, പ്രമോഷന് അർഹരായ ജീവനക്കാർ എന്നിവയെല്ലാം കണക്കിലെടുത്തു കൊണ്ടാണ് ലിസ്റ്റ് തയ്യാറാക്കിയത്. ലിസ്റ്റ് നാം മാനേജ്മെന്റിന് കൈമാറിയിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)